**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 331** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ശുചീകരണത്തൊഴിലാളികൾക്കും ഹരിതകർമ്മസേന അംഗങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ ശേഖരണവും സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഹരിതകർമ്മസേന അംഗങ്ങൾക്കും ആരോഗ്യപരമായ നിരവധി അപകടസാധ്യതകൾ നേരിടേണ്ടിവരുന്നതിനാൽ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും കുടുംബശ്രീയുമായി സംയുക്തമായി നടത്തുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ഇൻസ്പയർ ഇൻഷുറൻസ് പദ്ധതി. ഹരിത കർമ്മ സേന അംഗങ്ങളെ ഈ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. രണ്ട് ലക്ഷം രൂപ വരെയാണ് ചികിത്സാസഹായം ലഭിക്കുക. 1384/- രൂപയാണ് വാർഷിക പ്രീമിയം തുക. പ്രീമിയം തുകയിൽ 50% കുടുംബശ്രീയും 50% തുക അംഗങ്ങളുമാണ് വഹിക്കുക. നിലവിൽ 30456 പേർ ഈ പദ്ധതിയുടെ ഭാഗമാണ്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 100% അംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ തലത്തിൽ ഇടപെടൽ നടത്തിവരുന്നു.

**(ബി)** ഇവർക്ക് തൊഴിൽജന്യ രോഗങ്ങൾക്കും അപകടങ്ങൾക്കും ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും കുടുംബശ്രീയുമായി സംയുക്തമായി നടത്തുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ഇൻസ്പയർ ഇൻഷുറൻസ് പദ്ധതിയിൽ തൊഴിൽജന്യ രോഗങ്ങൾക്കും അപകടങ്ങൾക്കും ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**